(സി) ഇത്തരം സംഘടനകളുടെ പ്രവർത്തനം ഇല്ലാതാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രത്യേക നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(ബി) തീവ്രവാദി വിഭാഗങ്ങൾ ഒന്നും തന്നെ കേരളത്തിൽ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

പത്രമാധ്യമങ്ങൾക്കു നേരെ അക്രമം

37 [3088] ശ്രീ. കെ. എൻ. എ. ഖാദർ:

" കളത്തിൽ അബ്ദുള്ള:

" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-നു ശേഷം പത്രമാധ്യമങ്ങൾക്കു നേരെ അക്രമസംഭവങ്ങൾ എത്ര തവണ ഉണ്ടായിട്ടുണ്ട്;

(ബി) അതിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഈ ആക്രമണത്തിൽ ഏതെല്ലാം രാഷ്ട്രീയ കക്ഷികൾ ഉൾപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) 1995-നു ശേഷം 23 അക്രമസംഭവങ്ങൾ നടന്നിട്ടുണ്ട്.

(ബി) 23 കേസുകൾ

(സി) ഇതിൽ നാല് കേസുകൾ സി.പി.ഐ. (എം.)/ഡി.വൈ.എഫ്.ഐ. പ്രവർത്തകരും ഐ.യു.എം.എൽ. പ്രവർത്തകരും, ഒരു കേസ് സി.പി.ഐ. (എം.എൽ.) പ്രവർത്തകരും ഒരു കേസിൽ എൻ.ഡി.എഫ്. പ്രവർത്തകരും പ്രതികളാണ്.

പത്രപ്രവർത്തകർക്കെതിരെ കേസ്സ് എടുക്കാനുണ്ടായ സാഹചര്യം

38 [3089] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ആർ.എസ്.പി. (ബി)-യിലെ ഇരു വിഭാഗങ്ങൾ നടത്തിയ അക്രമവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെയാണ് കേസ്സ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ അക്രമവുമായി ബന്ധപ്പെട്ട് പത്രപ്രവർത്തകർക്കെതിരെ കേസ്സ് എടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഈ അക്രമവുമായി ബന്ധപ്പെട്ട് പ്രേരണക്കുറ്റത്തിന് ഏതെങ്കിലും നേതാക്കൻമാർക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിലാണ് കേസ്സ് എടുത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ മുസ്ലീംലീഗുകാർ നടത്തിയ അക്രമവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെയാണ് കേസ്സ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ അക്രമവുമായി ബന്ധപ്പെട്ട് പ്രേരണക്കുറ്റത്തിന് ആരുടെയെങ്കിലും പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സംഭവത്തിൽ 30 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(ബി) പത്രപ്രവർത്തകർ ചെട്ടികുളങ്ങരയിലുള്ള ആർ.എസ്.പി. (ബി)-യുടെ പാർട്ടി ഓഫീസിനകത്ത് പോലീസിനെ തള്ളിമാറ്റി മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ഓഫീസ് മുറിക്കകത്ത് കയറുകയും പടിഞ്ഞാറ് വശത്തുള്ള ജനൽ ഗ്ലാസുകൾ പൊട്ടിക്കുകയും കസേരകൾ മറിച്ചിടുകയും മുറിക്ക് പുറത്ത് പടിഞ്ഞാറുവശം ഭിത്തിയിൽ ഫിറ്റ് ചെയ്തിരുന്ന ട്യൂബ് ലൈറ്റ് ഉടച്ച് നശിപ്പിക്കുകയും റോഡും പോലീസ് വാഹനവും ഉപരോധിക്കുകയും ചെയ്തതിനാണ് കേസ് എടുത്തിട്ടുള്ളത്.

(സി) ഇല്ല.

(ഡി) 23 പേർക്കെതിരെ.

(ഇ) ഇല്ല. ഈ അക്രമവുമായി ബന്ധപ്പെട്ട് ആരും തന്നെ പ്രേരണക്കുറ്റം ചെയ്തതായി കേസിന്റെ അന്വേഷണത്തിൽ വെളിവായിട്ടില്ല.

ട്രാഫിക് നിയമങ്ങളുടെ ബോധവൽക്കരണം

39 [3090] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ട്രാഫിക് പോലീസ് രാത്രികാല പട്രോളിംഗ് ശക്തമാക്കുമോ;

(ബി) അപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് നിയമങ്ങൾ സാധാരണ ജനങ്ങളെ കൂടി ബോദ്ധ്യപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly